(എ) ചെറുകിട വ്യവസായങ്ങൾക്ക് വില്പന നികുതി ഇനത്തിൽ ഗവൺമെന്റ് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ;

(ബി) വില്പന നികുതി ഇനത്തിൽ ഇളവ് ലഭ്യമാകാത്തതുമൂലം ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ കെ. എസ്. ഐ. ഡി. സി. ഇപ്പോൾ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്; എത്രയെണ്ണം പൂട്ടിയിട്ടിട്ടുണ്ട്;

(ഇ) ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടുവാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾക്ക് വില്പന നികുതിയിളവ് നൽകുന്ന പദ്ധതി 1-1-2000 മുതൽ പിൻവലിച്ചിരിക്കുന്നു.

(ബി) ചെറുകിട വ്യവസായങ്ങളുടെ പ്രതിസന്ധിക്ക് ഇതും ഒരു കാരണമാണ്.

(സി) ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകി അത്തരം വ്യവസായികളെ പ്രോത്സാഹിപ്പിക്കുകയെന്നതാണ് കെ. എസ്. ഐ. ഡി. സി.-യുടെ ലക്ഷ്യവും ധർമ്മവും. എന്നാൽ ഐ. റ്റി., ബയോടെക്നോളജി പോലുള്ള ചില പ്രത്യേക മേഖലകളിൽ വരുന്ന ചെറുകിട സംരംഭങ്ങൾക്കും ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് നൽകുന്ന എല്ലാ സഹായങ്ങളും നൽകുന്നുണ്ട്.

(ഡി) 30933 ചെറുകിട വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 117 എണ്ണം പൂട്ടി.

(ഇ) പ്രവർത്തന മൂലധന അപര്യാപ്തത, മാർക്കറ്റിംഗ് പ്രശ്നങ്ങൾ, ഉല്പാദന ചെലവിലുള്ള ഉയർന്ന നിരക്ക്, ആധുനികവൽക്കരണമില്ലായ്മ എന്നിവയാണ് പ്രധാന കാരണങ്ങൾ.

റബ്ബർ പാർക്കുകൾ

9 [5565] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, പി. ടി. തോമസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റബ്ബർ പാർക്കുകളുണ്ട്; എവിടെ എല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പാർക്കുകളിൽ വ്യവസായം ആരംഭിക്കുവാൻ എത്ര വ്യവസായികൾ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു;

(സി) ഇപ്പോൾ എത്ര വ്യവസായികൾ ഈ പാർക്കുകളിൽ വ്യവസായം ആരംഭിക്കുകയോ അതിനുള്ള ഏർപ്പാടുകളുണ്ടാക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്ന് കിൻഫ്രയും റബ്ബർബോർഡും ചേർന്ന് സംയുക്ത സംരംഭമായി സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഈ സ്ഥാപനം എറണാകുളത്ത് ഐരാപുരത്താണ് സ്ഥിതി ചെയ്യുന്നത്.

(ബി, സി) മുകളിൽ പറഞ്ഞ റബ്ബർ പാർക്കിൽ ഇപ്പോൾ 16 (പതിനാറ്) പേർക്കായി 22 ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്. ഇതിൽ നാല് പേർ പാട്ടക്കരാർ രജിസ്റ്റർ ചെയ്ത് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഒരു വ്യവസായ സ്ഥാപനം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. രണ്ട് കമ്പനികൾ ഭൂമിപൂജ കഴിച്ച് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ അടുത്തുതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നൽകുന്ന അപേക്ഷകളിൻമേൽ അനുമതിക്കായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ

10 [5566] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ബാലറാം:
,, ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് ട്രാക്ക് കൗണ്ടർ തുടങ്ങിയതെന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന് എവിടെയെല്ലാം ജില്ലാ മേഖലാ ഓഫീസുകളുണ്ട്;

(സി) ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നൽകുന്നതിനുള്ള അപേക്ഷകൾക്കുള്ള അനുമതി എത്ര ദിവസത്തിനുള്ളിൽ ലഭിക്കും എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം വിധത്തിലുള്ള അനുമതികളാണ് ഈ കൗണ്ടർ വഴി ലഭിക്കുന്നത്;

(ഡി) പ്രസ്തുത കൗണ്ടർ വഴി നൽകുന്ന അപേക്ഷകൾക്ക് ചുമത്തുന്ന ഫീസെത്രയാണ്;

(ഇ) കൗണ്ടർ തുടങ്ങിയശേഷം എത്ര ചെറുകിട വ്യവസായങ്ങൾക്ക് അനുമതി നൽകി എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly